# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1439

07-06-2018-ൽ
മറുപടി നൽകേണ്ടത്

## ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്

ചോദ്യം | ഉത്തരം

ശ്രീ. പുരുഷൻ കടലുണ്ടി : പ്രൊഫ.സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന്റെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബിയിലൂടെ എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന്റെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായിട്ടുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) 2018 ഏപ്രിൽ 25-ന് നടന്ന കിഫ്ബി യോഗം അംഗീകരിക്കുകയുണ്ടായി. എന്നാൽ ഇത് സംബന്ധിച്ച ഉത്തരവ് ലഭിച്ചാൽ മാത്രമേ കിഫ്ബി അനുവദിച്ച തുക അറിയാൻ കഴിയൂ. |
| (ബി) | ഈ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടി എപ്പോൾ പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്; | (ബി) | ഈ പ്രവൃത്തി അംഗീകരിച്ച് കൊണ്ടുള്ള ഉത്തരവ് കിഫ്ബിയിൽ നിന്നും കിട്ടിയാൽ മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (സി) | കോളേജിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ഗ്രൗണ്ട് ഫ്ലോർ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കുമോ? | (സി) | ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിലെ ഗ്രൗണ്ട് ഫ്ളോറിന്റെ നിർമ്മാണത്തിന് 2017-18 സാമ്പത്തിക വർഷത്തിൽ ജി.ഒ. (ആർ.ടി) നം.623/18/ഉ.വി.വ തീയതി 28-03-2018 പ്രകാരം ഭരണാനുമതി നൽകിയിരുന്നുവെങ്കിലും സാമ്പത്തിക നിയന്ത്രണം കാരണം തുക അനുവദിച്ചു നൽകിയില്ല. ഇതേത്തുടർന്ന്, 15-05-2018-ന് നടന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ വീണ്ടും പ്രൊപ്പോ-സൽ സമർപ്പിക്കുകയും 2018-2019 സാമ്പത്തിക. വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്ന് ഒരു കോടി രൂപയുടെ പ്രൊപ്പോസലിന് വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**